"ഭരണഭാഷ-മാതൃഭാഷ"
വളരെ അത്യാവശ്യം

അവസാന തീയതി **10-04-2013**

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ഇ2/10135/13 തൈക്കാട്, തിരുവനന്തപുരം - 14,
തീയതി: 29/03/2013

## സർക്കുലർ

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - 2013-14 സാമ്പത്തിക വർഷത്തിലേക്കുള്ള ഉപകരണ സംഭരണം- ശുപാർശ അയയ്ക്കുന്നത് - സംബന്ധിച്ച്:

----

സംസ്ഥാനത്ത് നിലവിലുള്ള ഐ.ടി.ഐ.കളുടെ നവീകരണവുമായി ബന്ധപ്പെട്ട് ***2013-14*** സാമ്പത്തിക വർഷത്തിൽ ***30 കോടി രൂപ*** ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതിന് വേണ്ടി ആവശ്യമായ ഉപകരണങ്ങൾ, അഫിലിയേഷൻ ലഭിച്ചിട്ടും സിലബസ് പരിഷ്ക്കരണം മൂലം ഇനിയും വിവിധ ട്രേഡുകളിലേക്കാവശ്യമായ ഉപകരണങ്ങൾ എന്നിവ 2013-14 സാമ്പത്തിക വർഷത്തിൽ സംഭരണം നടത്തുന്നതിനുള്ള വ്യക്തമായ ശുപാർശ സിലബസ് പരിശോധിച്ച് സ്പെസിഫിക്കേഷൻ രേഖപ്പെടുത്തി മാർക്കറ്റുവില ഉൾപ്പെടെ ഓരോ ട്രേഡുകൾക്കു വീതം പ്രത്യേകം പ്രത്യേകം തരംതിരിച്ച് ***10-04-2013-ന് മുമ്പ്*** ഇവിടെ ലഭിക്കത്തക്കവിധത്തിൽ അയച്ചുതരേണ്ടതാണ്. അതോടൊപ്പം ടി വിവരം itdkerala.purchase@gmail.com എന്ന മെയിൽ ഐ.ഡി.യിൽ അയച്ചുതരേണ്ടതാണ്. കൂടാതെ ഒരു സി.ഡി.യും തുടർ നടപടികൾ കൈക്കൊള്ളുന്നതിനായി അയച്ചുതരേണ്ടതാണ്.

2012-13 സാമ്പത്തിക വർഷത്തിൽ വിതരണ ഉത്തരവുകൾ നൽകിയിട്ടും ***31-03-2013-ന്*** മുമ്പ് വിതരണം നടത്താത്ത ഉപകരണങ്ങൾ പ്രത്യേക പട്ടിക തയ്യാറാക്കി അയച്ചുതരേണ്ടതും ടി ലിസ്റ്റ് പ്രകാരമുള്ള ഉപകരണങ്ങൾ 2013-14 വർഷത്തിലേക്കുള്ള സംഭരണ ശുപാർശയിൽ ഉൾപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സമയപരിധിക്കുള്ളിൽ ലഭിയ്ക്കാത്ത പ്രൊപ്പോസലുകൾ യാതൊരു തരത്തിലും പരിഗണിക്കുന്നതല്ല. തുടർന്ന് ടി ട്രേഡുകൾക്ക് അഫിലിയേഷൻ ലഭിക്കുന്നതിനുള്ള സാധനസാമഗ്രികൾ ഇല്ലായെങ്കിൽ ആയതിനുള്ള പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കായിരിക്കും എന്നുള്ള വിവരവും ഇതിനാൽ ശ്രദ്ധയിൽപ്പെടുത്തുന്നു.

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

To: എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും
പകർപ്പ് : സംഭരണ ഫയൽ (ഇ2)